(ഡി) മോണോറെയിൽ പദ്ധതി പൂർണ്ണമായും ഉപേക്ഷിച്ച് മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് പദ്ധതിയായ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാനാണ് പദ്ധതിയുടെ കൺസൾട്ടന്റായ ഡി.എം.ആർ.സി. ശിപാർശ ചെയ്തിരിക്കുന്നത്. മോണോ റെയിൽ പദ്ധതിക്കായും ലൈറ്റ് മെട്രോ പദ്ധതിക്കായും ഇതുവരെ നടന്ന പ്രാരംഭ പ്രവർത്തനങ്ങൾക്ക് 2015 ജൂൺ 12 വരെ 12,88,55,088 രൂപ ചെലവായിട്ടുണ്ട്.

(ഇ) തിരുവനന്തപുരം നഗരത്തിന് നാറ്റ്പാക്കും കോഴിക്കോട് നഗരത്തിന് വിൽബർ സ്മിത്ത് അസോസിയേറ്റ്സുമാണ് പദ്ധതി സംബന്ധിച്ച സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചത്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനാണ് രണ്ട് നഗരങ്ങൾക്കും മോണോറെയിൽ പദ്ധതിക്കായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയത്.

മോണോറെയിൽ പദ്ധതികൾക്കുവേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ സർക്കാർ നിർദ്ദേശപ്രകാരം പുനഃദർഘാസ് വിളിക്കുകയും ചെയ്തു. പുനഃദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് DMRC വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ- ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ, 28-8-2014-ന് കൂടിയ ബോർഡ് യോഗത്തിൽ ടെണ്ടർ നിരസിക്കുകയും മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിക്കുകയും പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് പദ്ധതിക്കായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ DMRC-യെ ചുമതലപ്പെടുത്തുകയും ചെയ്തു.

ഭൂനിയമങ്ങളിൽ ഭേദഗതി

10 (*100) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഭൂനിയമങ്ങളിൽ ഭേദഗതി വരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം നിയമങ്ങളിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഭേദഗതികൾ സാമൂഹ്യ പാരിസ്ഥിതിക രംഗത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുന്നു എന്നതിനെക്കുറിച്ച് വിശദവിവരം നൽകുമോ ;

(സി) കൃഷിഭൂമി വ്യാവസായികാവശ്യത്തിന് ഉപയോഗിക്കാൻ ഭൂനിയമങ്ങളിൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽവന്ന 2008-ന് മുമ്പ് നികത്തിയ നെൽവയലുകൾ നിശ്ചിത ഫീസ് ഒടുക്കി ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നിയമഭേദഗതി കൊണ്ടുവരുമെന്ന 2015-16-ലെ ബജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് ഇത് ഫിനാൻസ് ബിൽ ആയിട്ടുണ്ട്. ഇതുകൂടാതെ പൊതു ആവശ്യത്തിനായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഭേദഗതി പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്മേൽ തീരുമാനമായിട്ടില്ല. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഡാറ്റാ ബാങ്ക് അന്തിമമായി പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ആയതിന്മേൽ ആവലാതി ബോധിപ്പിക്കുവാൻ ജനങ്ങൾക്ക് അവസരം ഇല്ല എന്നുകണ്ട് ഒരു അപ്പീൽ സാധ്യത നിയമത്തിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 2013-ൽ നിലവിൽവന്ന പുതിയ ലാന്റ് അക്വിസിഷൻ ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 81(e) പ്രകാരം ഇളവ് ലഭിച്ച തോട്ടഭൂമിയുടെ 5 ശതമാനം മറ്റ് ആവശ്യങ്ങൾക്കായുള്ള വിനിയോഗത്തിൽ ചില ഭേദഗതികൾ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചട്ടരൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മേൽ പരാമർശിച്ച ഭേദഗതികൾ സാമൂഹ്യ പാരിസ്ഥിതിക രംഗത്തെ ഏതെല്ലാം തരത്തിൽ ബാധിക്കും എന്നതിനെക്കുറിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല

(സി) കൊണ്ടുവന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly